ആറനാട് ലെപ്രസി സാനിറ്റോറിയം

39 (3470) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറനാട് ലെപ്രസി സാനിറ്റോറിയത്തിൽ പൂർണ്ണസമയ ഫിസിയോ തെറാപ്പിസ്റ്റില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ പൂർണ്ണസമയ ഫിസിയോതെറാപ്പിസ്റ്റിനെ എൻ.ആർ.എച്ച്.എം. ഫണ്ട് ലഭ്യമാക്കി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ.ആർ.എച്ച്.എം. മുഖേന താത്കാലികമായി ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ചിട്ടുണ്ട്.

എരിപുരം താലൂക്ക് ആശുപത്രി

40 (3471) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ എരിപുരം താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദമാക്കാമോ ;

(ബി) വർദ്ധിച്ചുവരുന്ന വൃക്കരോഗികളുടെ എണ്ണം പരിഗണിച്ച് അവിടെ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ 2,50,000 രൂപ അടങ്കലിൽ ഇൻസിനറേറ്റർ, നീഡിൽ വെയ്റ്റ് ഡിസ്പോസൽ, ഫാർമസിക്ക് ഡ്രൈനേജ് ഇവ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ഫാർമസി കെട്ടിടം, ബാത്ത്റൂമുകൾ, ഐ.പി. കെട്ടിടം, മെയിൽ/ഫീമെയിൽ വാർഡുകൾ ഇവ നവീകരിച്ചു.

പുതുതായി ബാത്ത്റൂമുകൾ, വാട്ടർ ടാങ്ക് (കണക്ഷൻ സഹിതം) കോൺഫറൻസ് ഹാൾ ഇവയും സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

നാഷണൽ അർബൻ ഹെൽത്ത് മിഷൻ

41 (3472) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ അർബൻ ഹെൽത്ത് മിഷനിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തിയത് ഏപ്പോഴാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനോടകം ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം എൻ.യു.എച്ച്.എം. മുഖേന ലഭിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(സി) എൻ.യു.എച്ച്.എം. പദ്ധതിയിൽ ഇതിനോടകം ഏതെല്ലാം നഗരസഭകളെ ഉൾപ്പെടുത്തുകയുണ്ടായി എന്നത് സംബന്ധിച്ച് വിശദീകരിക്കുമോ ;

(ഡി) എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗരസഭകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(ഇ) 2015-16-ൽ എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നഗരസഭകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013 മേയ് മാസത്തിലാണ് ദേശീയ ഗവൺമെന്റ് നാഷണൽ അർബൻ ഹെൽത്ത് മിഷന് രൂപം നൽകിയത്. അതേ സമയത്തുതന്നെ കേരള സംസ്ഥാനത്തെ മിഷനിൽ ഉൾപ്പെടുത്തിയിരുന്നു.

(ബി) 2013-14 സാമ്പത്തിക വർഷം - 13,60,00,000 കോടി (പതിമൂന്ന് കോടി അറുപത് ലക്ഷം)

2014-15 സാമ്പത്തിക വർഷം - 23,07,00,000 കോടി (ഇരുപത്തിമൂന്ന് കോടി ഏഴ് ലക്ഷം)

2015-16 സാമ്പത്തിക വർഷത്തെ തുക ഇനിയും ലഭിച്ചിട്ടില്ല.

(സി) കേരളത്തിലെ 14 ജില്ലകളിലുമായി 37 നഗരസഭകളെയാണ് എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly